പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3076** **19.06.2018 ൽ മറുപടിയ്ക്ക്**

# കേരകർഷകർക്ക് വില വർദ്ധനവിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന ആക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരളത്തിലെ കേരകർഷകർക്ക് നിലവിൽ എന്തൊക്കെ സഹായങ്ങളാണ് കൃഷിവകുപ്പ് മുഖേന നൽകിവരുന്നത്; | എ) & ബി) | 1. കേരളത്തിലെ കേരകർഷകർക്കായി നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (Semitall) തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള 0.2 ഹെക്ടർ വിസ്തീർണ്ണമുള്ള മാതൃകാ പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യം വച്ചു കൊണ്ടുള്ള 520 ലക്ഷം രൂപയുടെ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.<br>3. തെങ്ങുകളെ ബാധിക്കുന്ന കീടരോഗ ങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാംമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കു ന്നതിനായുള്ള പദ്ധതിയും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.<br>4. പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ തെങ്ങു പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുക, പ്രായാധിക്യവും, രോഗകീട ബാധമൂലവും ഉല്പാദന |
| ബി) | കേരളത്തിൽ തേങ്ങ ഉത്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കാനായി എന്തെങ്കിലും പ്രത്യേക പദ്ധതി കൃഷി വകുപ്പ് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

ക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയും 2018-19 വർഷം തുടരുന്നുണ്ട്.

5. നാളികേര മേഖല അഭിവൃദ്ധിപ്പെടുത്താനായി 10 വർഷത്തെ ഒരു വികസന കാഴ്ചപ്പാടോടുകൂടി സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടു കൂടി "കേരള കോക്കനട്ട് മിഷൻ" രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| സി) കേരളത്തിൽ തേങ്ങയ്ക്കും എണ്ണ തുടങ്ങിയ കേരോത്പന്നങ്ങൾക്കും വലിയ തോതിൽ വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നതിന്റെ പ്രയോജനം കേരകർഷകർക്ക് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇടത്തട്ടുകാരെ ഒഴിവാക്കി വില വർദ്ധനവിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് ലഭിക്കാൻ സർക്കാർ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) കേരളത്തിൽ തേങ്ങ, എണ്ണ തുടങ്ങിയ കേര ഉല്പന്നങ്ങൾക്ക് ഉണ്ടായ വിലവർദ്ധനവിന്റെ പ്രയോജനം കേരകർഷകർക്ക് ലഭിക്കുന്നുണ്ട്. ഇടത്തട്ടുകാരെ ഒഴിവാക്കി വിലവർദ്ധനവിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികളുടെ ഭാഗമായി പച്ചതേങ്ങാ സംഭരണം പുനരാരംഭിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**